പതിമൂന്നാം കേരള നിയമസഭ

പതിനാലാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *66 — 30.06.2015 ന് മറുപടിയ്ക്ക്.

## ഐ.ടി.ഐ കളിൽ വെർചൽ ക്ലാസ്സ് റൂം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ബെന്നി ബെഹനാൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) ഐ.ടി.ഐ കളിൽ വെർചൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ കളിൽ വെർചൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) വെർചൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) വിവര സാങ്കേതിക വിദ്യയിലൂന്നിയ ഇലക്ട്രോണിക്സ് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർചൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ദ്ധ പരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ് മുറിയിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ. കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ പദ്ധതിക്ക് സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവം മൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും. |
| (സി) വെർചൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതിക വിദ്യകളാണ് ഉപയോഗിക്കുന്നത്; | (സി) ഇതിനായി ഉപയോഗിക്കുന്നത് കമ്പ്യൂട്ടർ, സിമട്രിക് ഇന്റർനെറ്റ് കണക്ഷൻ, എൽ. സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ആണ്. |
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പിലാക്കുന്നത്; വിശദമാക്കുമോ? | (ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർചൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ